5181/23
28/12/23

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി.8/1816/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 12/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഞീഴൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഞീഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

നമ്പർ: കെഎസ്എ.കെടിഎം.പി.8/1816/2023 തീയ്യതി: 12/12/2023

## കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2023 | 26-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-10-2023 | 26-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.രതീഷ് സി.ആർ, ഓഡിറ്റ് ഓഫീസർ

ശ്രീമതി സ്മിത ജി.നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുഷമ പി.ആർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി മിനി മാത്യു | സെക്രട്ടറി | 01-04-2022 | 06-10-2022 |
| ശ്രീ.കൃഷ്ണകുമാർ എം.എൻ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-10-2022 | 16-10-2022 |
| ശ്രീ.ബിജു എം.മാത്യൂസ് | സെക്രട്ടറി | 17-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കൃഷ്ണകുമാർ എം.എൻ. | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.അരുൺ എൻ.എസ്. | വി.ഇ.ഒ., കാട്ടാമ്പാക്ക | 01-04-2022 | 31-03-2023 |
| ശ്രീ.അരുൺ എൻ.എസ്. | വി.ഇ.ഒ., ഞീഴൂർ | 01-04-2022 | 08-03-2023 |
| ശ്രീ.നിഷാദ് | വി.ഇ.ഒ.ഞീഴൂർ | 09-03-2023 | 31-03-2023 |
| ഡോ.അലക്സ് തോമസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 02-07-2022 |
| ഡോ.സൌമ്യ വി.ജോയി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 03-07-2022 | 31-03-2023 |
| ശ്രീ.ഉഷാര മാത്തുക്കുട്ടി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി രാജി ജയിംസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.അരുൺ കുമാർ | കൃഷി ഓഫീസർ | 01-04-2022 | 04-08-2022 |
| ശ്രീമതി സരള എം.ജെ. | കൃഷി ഓഫീസർ | 05-08-2022 | 09-03-2023 |
| ശ്രീമതി വിദ്യ വി. | കൃഷി ഓഫീസർ | 10-03-2023 | 31-03-2023 |
| ശ്രീ.പ്രദീഷ് കുമാർ സി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.കെ.പി.ദേവദാസ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി വീണ റ്റി.വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 30-04-2022 |
| ശ്രീമതി സിന്ധു വാസുദേവൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-05-2022 | 23-05-2022 |
| ശ്രീമതി ബിന്ദുറാണി എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 24-05-2022 | 31-07-2022 |
| ശ്രീമതി ഗംഗ കൈലാസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-08-2022 | 31-03-2023 |
| ശ്രീമതി ബിജി മോൾ പി.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 04-12-2023 ) | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 07-12-2023 ) | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Smitha G Nair (Asst. Audit Officer , On 25-10-2023 ) | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 04-12-2023 ) | 1-1-3 |
| 5 | RP 40b പ്രകാരമുള്ള നീക്കിയിരിപ്പ് കൃത്യമല്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 07-12-2023 ) | 1-1-4 |
| 6 | റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 07-12-2023 ) | 1-1-5 |
| 7 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 07-12-2023 ) | 1-1-6 |
| 8 | Capital Work In Progress തുക കൃത്യമല്ല, രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 07-12-2023 ) | 1-1-7 |
| 9 | ധനകാര്യകമ്മീഷൻ ഗ്രാന്റ് കണക്കുകൾ കൃത്യമല്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 04-12-2023 ) | 1-1-8 |
| 10 | ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ "ഡയറക്റ്റലി ഡെബിറ്റഡ് ബൈ ബാങ്ക്" ആയി ചേർത്ത തുകകളുടെ കൃത്യത വ്യക്തമല്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Smitha G Nair (Asst. Audit Officer , On 25-10-2023 ) | 1-1-9 |
| 11 | തൊഴിൽ രഹിതവേതനം കണക്ക് കൃത്യമല്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 04-12-2023 ) | 1-1-10 |
| 12 | അടിസ്ഥാന രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 04-12-2023 ) | 1-1-11 |
| 13 | വസ്തു നികുതി ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 04-12-2023 ) | 1-1-12 |
| 14 | ലോൺ ബാലൻസ് തുക കൃത്യമല്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 04-12-2023 ) | 1-1-13 |
| 15 | പ്രയർ പീരീഡ് എക്സ്പെൻസ് ആയി ക്രമീകരിച്ച തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 04-12-2023 ) | 1-1-14 |
| 16 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കണക്കുകൾ ക്യാഷ് ബുക്ക് ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല.<br>**Written By:** Smitha G Nair (Asst. Audit Officer , On 26-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 12-12-2023 ) | 1-1-15 |
| 17 | ബെനഫിഷ്യറി കോൺട്രിബ്യൂഷൻ എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.<br>**Written By:** Smitha G Nair (Asst. Audit Officer , On 25-10-2023 )<br>**Last Updated By:** Smitha G Nair (Asst. Audit Officer , On 26-10-2023 ) | 1-1-16 |
| 18 | ബജറ്റ്<br>**Written By:** Beenakumari T V (Auditor , On 21-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 04-12-2023 ) | 1-2 |
| 19 | സാമ്പത്തികനില<br>**Written By:** Beenakumari T V (Auditor , On 21-10-2023 )<br>**Last Updated By:** Sinimol Francis (Computer Assistant , On 12-12-2023 ) | 1-3 |

| | | |
|---|---|---|
| 20 | ഗ്രാന്റ് വിനിയോഗം<br>Written By: Smitha G Nair (Asst. Audit Officer , On 25-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 05-12-2023 ) | 1-4 |
| 21 | വാർഷികപദ്ധതി അവലോകനം<br>Written By: Ratheesh C R (Audit Officer , On 27-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 04-12-2023 ) | 1-5 |
| 22 | തൊഴിലുറപ്പ് പദ്ധതി<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 04-12-2023 ) | 1-6 |
| 23 | ക്ഷേമപദ്ധതികൾ<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 04-12-2023 ) | 1-7 |
| 24 | കാഷ് വെരിഫിക്കേഷൻ<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 04-12-2023 ) | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണസംവിധാനം<br>Written By: Ratheesh C R (Audit Officer , On 27-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 04-12-2023 ) | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Beenakumari T V (Auditor , On 26-10-2023 ) | 1-10 |
| 27 | അധിക വിഭവ സമാഹരണം-അവലോകനം<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 04-12-2023 ) | 1-11 |
| 28 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 12-12-2023 ) | 1-12 |
| 29 | ബാങ്ക് അക്കൌണ്ടുകളിൽ അവ്യക്തത--കൃത്യമാക്കേണ്ടതാണ്<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 04-12-2023 ) | 1-13 |
| 30 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ 32099 രൂപ അവശേഷിക്കുന്നു<br>Written By: Smitha G Nair (Asst. Audit Officer , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 04-12-2023 ) | 1-14 |
| 31 | പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 04-12-2023 ) | 1-15 |
| 32 | ഇ-ടെണ്ടർ ഫോറവില -പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 04-12-2023 ) | 1-16 |
| 33 | ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 04-12-2023 ) | 1-17 |
| 34 | ഉദ്ഘാടന ചെലവ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Ratheesh C R (Audit Officer , On 27-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 07-12-2023 ) | 1-18 |
| 35 | ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത വ്യക്തികൾക്ക് കൂലി ചെലവ് സബ്സിഡി നൽകിയിരിക്കുന്നു<br>Written By: Albin Cyriac (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 04-12-2023 ) | 1-19 |
| 36 | ജൈവ വൈവിധ്യ പാർക്ക് നിർമ്മാണ പദ്ധതിയിലെ അപാകതകൾ<br>Written By: Albin Cyriac (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 12-12-2023 ) | 1-20 |
| 37 | 8 വർഷത്തിൽ കുറവ് കാലപ്പഴക്കമുള്ള കെട്ടിടങ്ങൾക്ക് പുനരുദ്ധാരണത്തിനായി തുക അനുവദിച്ചു<br>Written By: Albin Cyriac (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 05-12-2023 ) | 1-21 |
| 38 | വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സഹായം- പദ്ധതിയിലെ അപാകതകൾ<br>Written By: Albin Cyriac (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 07-12-2023 ) | 1-22 |
| 39 | ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തിയായില്ല<br>Written By: Albin Cyriac (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 12-12-2023 ) | 1-23 |
| 40 | കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിൽ ബിൽ തയ്യാറാക്കിയില്ല- അധികം തുക നൽകി<br>Written By: Smitha G Nair (Asst. Audit Officer , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 12-12-2023 ) | 1-24 |

| | | |
|---|---|---|
| 41 | സംയുക്ത പ്രോജക്ടുകൾക്കുള്ള തുകകൾ ചെലവഴിച്ചിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 08-12-2023 ) | 1-25 |
| 42 | മുൻകുറുകൾ ക്രമീകരിച്ചിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 06-12-2023 ) | 1-26 |
| 43 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല<br>Written By: Ratheesh C R (Audit Officer , On 27-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 12-12-2023 ) | 1-27 |
| 44 | റോഡ് കണക്ടിവിറ്റി മാപ്പ് - തയ്യാറാക്കിയിട്ടില്ല.<br>Written By: Smitha G Nair (Asst. Audit Officer , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 07-12-2023 ) | 1-28 |
| 45 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 06-12-2023 ) | 1-29 |
| 46 | പി എച്ച് സിയിലേയ്ക്ക് മരുന്നു വാങ്ങൽ, - ചെലവു വിശദാംശങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയില്ല<br>Written By: Smitha G Nair (Asst. Audit Officer , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 07-12-2023 ) | 1-30 |
| 47 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Ratheesh C R (Audit Officer , On 27-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 12-12-2023 ) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കരാറുകാരൻ കോട്ട് ചെയ്ത നിരക്കിൽ ബിൽ തയ്യാറാക്കിയില്ല- അധികം തുക നൽകി<br>Written By: Sinimol Francis (Computer Assistant , On 07-12-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 12-12-2023 ) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 07-12-2023 ) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 07-12-2023 ) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 07-12-2023 ) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ.<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Beenakumari T V (Auditor , On 26-10-2023 ) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 07-12-2023 ) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 07-12-2023 ) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 07-12-2023 ) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 12-12-2023 ) | 4-8 |
| 9 | ചാർജ്ജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Beenakumari T V (Auditor , On 26-10-2023 ) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 12-12-2023 ) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്<br>Written By: Beenakumari T V (Auditor , On 26-10-2023 )<br>Last Updated By: Sinimol Francis (Computer Assistant , On 07-12-2023 ) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.ഞീഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.06.2023 തീയതിയിലെ 1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 24.06.2023തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞീഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

#### 1-1-1 ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

**1-1-2 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-4 RP 40b പ്രകാരമുള്ള നീക്കിയിരിപ് കൃത്യമല്ല**

1. ജില്ലാ സഹകരണ ബാങ്കിന്റെ (5013120102000I) അക്കൗണ്ട്, ബാങ്ക് ബാലൻസ് റിക്കൺസിലിയേഷൻ പത്രിക പ്രകാരം 5,69,337/- രൂപയാണ്. ഇതേ ബാങ്കിൽ ഇതേ അക്കൌണ്ട് നമ്പരായി മറ്റൊരു രേഖപ്പെടുത്തൽ കൂടി RP40 (B) യിൽ ഉള്ളതും 10,982/- രൂപ 31.03.2023ൽ ബാലൻസ് ഉള്ളതായും കാണുന്നു.

2. ജില്ലാ സഹകരണ ബാങ്കിന്റെ 50131200400400 നമ്പർ അക്കൗണ്ട്, കാനറ ബാങ്കിന്റെ (110043974387) നമ്പർ അക്കൗണ്ട് എന്നിവ 2 പ്രാവശ്യം ആവർത്തിക്കുന്നുണ്ട്.

3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (67003316924) അക്കൗണ്ടിൽ 15,871/- രൂപയും Nationalised Bank Account Of Own Revenue Fund അക്കൗണ്ടിൽ 633,773/- രൂപയും RP40 (B) പ്രകാരം ബാലൻസുണ്ട്. ഈ ബാങ്ക് അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിന്റേതല്ല. ആയതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് കൃത്യമല്ല.

**1-1-5 റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം വാർഷിക കണക്കുകളോടൊപ്പം സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ് സമർപ്പിച്ചിട്ടില്ല

**1-1-6 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല**

2022-23 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 3 .27കോടി രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല.

**1-1-7 Capital Work In Progress തുക കൃത്യമല്ല, രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. 31/03/23ലെ ബാലൻസ് ഷീറ്റ് പ്രകാരം 3174219 രൂപയുടെ ആധികാരികത വ്യക്തമല്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല.

### 1-1-8 ധനകാര്യകമ്മീഷൻ ഗ്രാന്റ് കണക്കുകൾ കൃത്യമല്ല

സി.എഫ്.സി- ബേസിക് ടാക്സ് ഗ്രാന്റ്, സി.എഫ്.സി - ബേസിക് ടൈഡ് ഫണ്ട് എന്നീ ശീർഷകങ്ങളിലെ നീക്കിയിരിപ്പ് (B4 പത്രിക) ബാങ്ക് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ലഭ്യമായ പലിശ പൂർണ്ണമായും സി.എഫ്.സി- ബേസിക് ടാക്സ് ഗ്രാന്റ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല

### 1-1-9 ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ "ഡയറക്റ്റലി ഡെബിറ്റഡ് ബൈ ബാങ്ക്" ആയി ചേർത്ത തുകകളുടെ കൃത്യത വ്യക്തമല്ല

ഗ്രാമ പഞ്ചായത്തിന്റെ പേരിൽ കാനറ ബാങ്ക് ഞീഴൂർ ശാഖയിൽ നിലനിൽക്കുന്ന 6018101001581 നം. തനത് ഫണ്ട് അക്കൗണ്ടിന്റെ 2023 മാർച്ച് മാസത്തിലെ റെക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ, 'Directly Debited By Bank' എന്ന രേഖപ്പെടുത്തലുള്ള 31.03.2023 തീയതിയിലെ 4560/- രൂപയുടെ (Instrument No. 32000131/31.03.21) വിശദാംശങ്ങൾ ലഭ്യമല്ല

### 1-1-10 തൊഴിൽ രഹിതവേതനം കണക്ക് കൃത്യമല്ല

തൊഴിൽ രഹിതവേതനം ഇനത്തിൽ 10440 രൂപ വരവുണ്ട്. എന്നാൽ 4320 രൂപയാണ് വാർഷികകണക്കിലുൾപ്പെടുത്തിയത്.

### 1-1-11 അടിസ്ഥാന രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ല

വാർഷിക കണക്കുകളുടെ ആധികാരികത വ്യക്തമാക്കേണ്ട അടിസ്ഥാന രജിസ്റ്ററുകൾ (Deposit Register, Advance Register, Special Grants Appropriaton Control Register) കൃത്യമായി തയ്യാറാക്കി സാമ്പത്തിക വർഷത്തെ കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് വരവ് കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥർ, നിർവ്വഹണ ഏജൻസികൾ എന്നിവയ്ക്ക് നൽകുന്ന തുകകൾ മുൻകൂറായി വാർഷികകണക്കുകൾ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തുകളുടെ വിശദാംശങ്ങൾ മുൻകൂർ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-12 വസ്തു നികുതി ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി ഡിമാന്റ്, കളക്ഷൻ തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-13 ലോൺ ബാലൻസ് തുക കൃത്യമല്ല

KURDFC ലോൺ രജിസ്റ്റർ പ്രകാരം 3886890 രൂപയാണ് ലോൺ ബാദ്ധ്യത. എന്നാൽ വാർഷികകണക്കുകൾ പ്രകാരം 3672000 രൂപയാണ് ബാദ്ധ്യത.

### 1-1-14 പ്രയർ പീരീഡ് എക്സ്പെൻസ് ആയി ക്രമീകരിച്ച തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ 1-18 ഷെഡ്യൂളിൽ പ്രയർ പീരീഡ് എക്സ്പെൻസ് ആയി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

### 1-1-15 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കണക്കുകൾ ക്യാഷ് ബുക്ക് ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

**1-1-16 ബെനഫിഷ്യറി കോൺട്രിബ്യൂഷൻ എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.**

ബി-4 ഷെഡ്യൂളിലെ ബെനഫിഷ്യറി കോൺട്രിബ്യൂഷൻ എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന തുകയുടെ (46344) വിശദാംശങ്ങൾ ലഭ്യമല്ല.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022 തീയതിയിലെ I/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 15.03.2023 തീയതിയിലെ 3-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 2149270 | 14249397.15 |
| വരവ് | 174736414 | 193362684 |
| ആകെ | 176885684 | 207612081.15 |
| ചെലവ് | 175247817 | 194402485 |
| നീക്കിയിരിപ്പ് | 1637867 | 13209596.15 |

**1-3 സാമ്പത്തികനില**

**റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 15429581 |
| ഓഡിറ്റ് വർഷത്തെ വരവ് | 27219972 |
| ആകെ | 42649553 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31326246 |
| നീക്കിയിരിപ്പ് | 11323307 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 117986933 |
| ആകെ ചെലവ് | 127915845 |
| പ്രവർത്തന നഷ്ടം | -9928912 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Income) | 75842 |
| Prior Period Expenses | -756842 |
| അറ്റ പ്രവർത്തന നഷ്ടം | -9247912 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 52084 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3285624 |

### 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18660000 | 18660000 | 16500736 | 2159264 |
| വികസന ഫണ്ട്-SCP | 0 | 2551000 | 2551000 | 2328713 | 222287 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 865773 | *2400995 | 3266768 | 3145039 | 121729 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 561819 | 3670924 | 4232743 | 1873476 | 2359267 |
| മെയിന്റനൻസ് ഗ്രാന്റ്- Road | | 19976000 | 19976000 | 16724843 | 3251157 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | | 4570000 | 4570000 | 3730440 | 839560 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 56580 | 0 | 56580 | 0 | 56580 |
| ICDS ഫണ്ട് | 161758 | 551300 | 713058 | 567656 | 145402 |

*ധനകാര്യ കമ്മീഷൻ ഗ്രാന്റ് Untied - 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 132995/- രൂപ ഉൾപ്പെടെ

- വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1284716/- രൂപ, 366278/- രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.
- ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. CFC ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.
- ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ 2022-23 വർഷം 132995/- രൂപ പലിശയായി

അക്കൗണ്ട് ചെയ്തിട്ടുണ്ട് (ബാങ്ക് രേഖകൾ പ്രകാരം). എന്നാൽ 100091/- രൂപ മാത്രമാണ് വാർഷികകണക്കിൽ 320300199 Basic Tax Grant എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തത്. 32904/- രൂപ ബാങ്ക് അക്കൗണ്ടുകളുടെ പലിശ എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. ടി തുകകൾ ACR, Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം കാണിക്കുന്ന എ സി ആർ സൂക്ഷിക്കാത്തതിനാൽ ടി ഫണ്ടുകളുടെ വിനിയോഗത്തിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

വാർഷിക പദ്ധതി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19/04/2022-ലെ ജി.ഒ.(എം.എസ്)84/2022/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

വികസനസെമിനാറിൽ (14.06.2022) പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും കരട് നിർദ്ദേശങ്ങൾ ക്രോഡീകരിക്കയും ചെയ്തിട്ടുണ്ട്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടേയും വിവിധ നിർവ്വഹണോദ്യോഗസ്ഥരുടേയും യോഗം ചേർന്ന് വിവിധ വികസനമേഖലകളിലായി വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ചും സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ 2022-23 വാർഷികപദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 106981733/- രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 215 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ 11.03.2023 തീയതിയിലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചതിൽ 165 പ്രോജക്ടുകൾക്കുവേണ്ടി തൻവർഷം 58636234/- രൂപ ചെലവഴിച്ചിട്ടുണ്ട്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 1844738 | 1643738 | 89.1 |
| വെറ്ററിനറി സർജൻ | 4 | 4 | 2367784 | 2228350 | 94.11 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 11 | 8 | 1637625 | 1164390 | 71.1 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 566500 | 566500 | 100 |
| വി.ഇ.ഒ | 22 | 21 | 40482285 | 12681299 | 31.33 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 4941170 | 3942696 | 79.79 |
| സെക്രട്ടറി | 27 | 24 | 7818767 | 6374363 | 81.53 |
| അസി.എഞ്ചിനീയർ | 118 | 78 | 42713905 | 25695940 | 60.16 |

| | | | | | |
|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 5 | 5 | 707000 | 706999 | 100 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 2654721 | 2654721 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 847238 | 677238 | 79.93 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 400000 | 300000 | 75 |
| ആകെ | 215 | 165 | 106981733 | 58636234 | 54.81 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 2708 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 226 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 175 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 122 പ്രവൃത്തികൾ പൂർത്തീകരിച്ചു. 50096 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 729 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം വൃക്ഷത്തൈ നടീൽ, സംരക്ഷണം, മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. 2022-23 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം (ക്യാഷ് ബുക്ക് പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 144542 | 791450 (പലിശ ഉൾപ്പെടെ) | 935992 | 935492 | 500 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18926226 | 18926226 | 18926226 | 0 |
| ആകെ | 144542 | 19717676 | 19862218 | 19861718 | 500 |

## 1-7 ക്ഷേമപദ്ധതികൾ

2022-23 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 104400 | 9 |
| വാർദ്ധക്യകാലപെൻഷൻ | 22140000 | 14734 |
| കർഷകതൊഴിലാളി പെൻഷൻ | 2215000 | 1456 |
| വിധവാപെൻഷൻ | 6175400 | 3917 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 621800 | 450 |
| വികലാംഗപെൻഷൻ | 2483400 | 1584 |

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ്